പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1896 06.07.2015-ൽ മറുപടിക്ക്.

## സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.ഹംസ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് സ്റ്റേഷനുകളാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;<br>(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് യാഥാർത്ഥ്യമാവും എന്ന് വ്യക്തമാക്കുമോ; | : (എ)യും (ബി)യും) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം കേരളത്തിൽ ഒരു സ്മാർട്ട് പോലീസ് സ്റ്റേഷൻ നിർമ്മിയ്ക്കുവാൻ തീരുമാനിക്കുകയും തമ്പാനൂർ പോലീസ് സ്റ്റേഷനെ ഇതിനായി പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച പ്ലാനും എസ്റ്റിമേറ്റും കെ.പി.എച്ച്.സി.സി തയ്യാറാക്കി വരികയാണ്. എസ്റ്റിമേറ്റ് കിട്ടിയാലുടൻ അംഗീകാരത്തിനും ഫണ്ടിനും വേണ്ടി എം.എച്ച്.എ യിലേക്ക് അയച്ചു കൊടുക്കുന്നതാണ്. |
| (സി) പോലീസ് സ്റ്റേഷനുകളെ ജനസൗഹൃദമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ? | : (സി) പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദമാക്കുന്നതിനായി പതിമൂന്നാം ഫിനാൻസ് കമ്മിഷൻ പദ്ധതി പ്രകാരം 70 പോലീസ് സ്റ്റേഷനുകളിൽ കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്ററും, 50 പോലീസ് സ്റ്റേഷനുകളിൽ ടൂറിസ്റ്റ് പ്രൊട്ടക്ഷൻ & പോലീസ് അസിസ്റ്റൻസ് സെന്ററും, 17 സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺ സർവ്വീസ് ബ്യൂറോകളും നിർമ്മിക്കുവാൻ കെ.പി.എച്ച്.സി.സിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. പണികൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ